ഉത്തരം

(എ) ദേശീയ സമ്പാദ്യ പദ്ധതിയിൽ കൂടുതൽ നിക്ഷേപകരെ ആകർഷിക്കുന്നതിനുവേണ്ടി ജില്ലകൾതോറും വിവിധതരം മീറ്റിംഗുകളും സെമിനാറുകളും നടത്തിവരുന്നു. അതുപോലെതന്നെ പത്രമാദ്ധ്യമങ്ങലിലൂടെയും, ദൃശ്യമാദ്ധ്യമങ്ങളിലൂടെയും പരസ്യങ്ങളും നല്കിവരുന്നു. സമ്പാദ്യ പദ്ധതി ഏജന്റുമാർക്ക് കാലാകാലങ്ങളിൽ പരിശീലനം നല്കുകയും അവരുടെ പ്രവർത്തന പുരോഗതി വിലയിരുത്തുകയും ചെയ്തുവരുന്നു. സ്ഥാപനങ്ങളിൽ നിന്നുള്ള നിക്ഷേപങ്ങൾക്കും അതുപോലെ വിദ്യാർത്ഥികളുടെ സഞ്ചയിക പദ്ധതിയിലെ നിക്ഷേപങ്ങൾക്കും പ്രത്യേക ക്യാഷ് ഇൻസെന്റീവ് നൽകി വരുന്നു. ജില്ലാ കളക്ടർമാരുടെ മേൽനോട്ടത്തിൽ നടന്നുവരുന്ന ജില്ലകളിലെ പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിനായി ഓരോ ജില്ലയിലും ഗവൺമെന്റ് സെക്രട്ടറിമാരെ നിയോഗിച്ചിട്ടുണ്ട്.

(ബി) 2003-04 സാമ്പത്തിക വർഷം 5500 കോടി രൂപ മൊത്ത നിക്ഷേപമായും 2200 കോടി രൂപ മിച്ച നിക്ഷേപമായും സമാഹരിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. 31-5-2003 വരെ മൊത്ത നിക്ഷേപം 502.12 കോടി രൂപയും മിച്ച നിക്ഷേപം 204.92 കോടി രൂപയും ആണ്.

ദേശീയ സമ്പാദ്യ പദ്ധതിയിൽ ട്രഷറി മുഖേന സമാഹരിച്ച പണം

6 (2454) ശ്രീ. ഷിബു ബേബി ജോൺ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001-02, 2002-03 സാമ്പത്തിക വർഷത്തിൽ ദേശീയ സമ്പാദ്യ പദ്ധതിയിൽ എത്ര കോടി രൂപ സമാഹരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) 2003-04 സാമ്പത്തിക വർഷത്തിൽ എത്ര കോടി രൂപ പ്രസ്തുത പദ്ധതിയിൽ നിന്നും പ്രതീക്ഷിക്കുന്നുവെന്ന് വ്യക്തമാക്കാമോ ;

(സി) 2001-02, 2002-03 സാമ്പത്തിക വർഷം സംസ്ഥാന ട്രഷറികളിൽ സ്ഥിരം നിക്ഷേപമായി എത്ര കോടി രൂപ സമാഹരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) ട്രഷറി മുഖേന സമാഹരിക്കുന്ന ഈ പണം ഏതെല്ലാം പദ്ധതികൾക്ക് വേണ്ടിയാണ് ഉപയോഗിക്കുന്നത് എന്ന് വ്യക്തമാക്കാമോ ;

(ഇ) ഉയർന്ന പലിശ നിരക്കിൽ ട്രഷറികൾ സ്വരൂപിക്കുന്ന പണം റവന്യൂ ചെലവുകൾക്ക് മുതൽ മുടക്കിയാൽ പ്രസ്തുത നിക്ഷേപകർക്ക് മുതലും പലിശയും എങ്ങനെ കൊടുക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2001-02 മൊത്ത നിക്ഷേപം 2157.51 കോടി രൂപയും മിച്ച നിക്ഷേപം 877.40 കോടി രൂപയും 2002-03-ൽ മൊത്തം നിക്ഷേപം 3122.94 കോടി രൂപയും മിച്ച നിക്ഷേപം 1487.85 കോടി രൂപയും ആണ്.

(ബി) മൊത്ത നിക്ഷേപം 5500 കോടി രൂപയും മിച്ച നിക്ഷേപം 2200 കോടി രൂപയും 2003-04 സാമ്പത്തിക വർഷത്തിൽ പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) 2001-02-ൽ 2707 കോടി 15 ലക്ഷം രൂപയും 2002-2003-ൽ 3108 കോടി 13 ലക്ഷം രൂപയും സ്ഥിരനിക്ഷേപമായി ട്രഷറികളിൽ സമാഹരിച്ചിട്ടുണ്ട്.

(ഡി) ട്രഷറി മുഖേന സ്വരൂപിക്കുന്ന പണം വികസന പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള പൊതു ചെലവുകൾക്ക് വിനിയോഗിക്കുന്നു.

(ഇ) ഗവൺമെന്റ് ഇപ്പോൾ പാലിച്ചു വരുന്ന സാമ്പത്തിക അച്ചടക്കംമൂലം സാമ്പത്തിക സ്ഥിതി മെച്ചപ്പെടുമെന്നതിനാൽ ട്രഷറി നിക്ഷേപം തിരിച്ചു നൽകുന്നതിന് ബുദ്ധിമുട്ടേണ്ടിവരില്ലെന്ന് പ്രതീക്ഷിക്കുന്നു.

മഹിളാ പ്രധാൻമാരുടെ കർത്തവ്യങ്ങളും നിയമനവും

7 (2455) ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. എ. സുജനപാൽ :
ശ്രീ. പി. ജെ. ജോയി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഹിളാ പ്രധാൻമാരുടെ കർത്തവ്യങ്ങൾ എന്തെല്ലാമാണ് ;

(ബി) ഏതെല്ലാം തരത്തിലുള്ള സമ്പാദ്യ പദ്ധതികളിൽ ആളിനെ ചേർക്കുവാനും തുക പിരിക്കാനുമുള്ള ബാദ്ധ്യത അവർക്കുണ്ടെന്ന് പറയാമോ ;

(സി) പ്രസ്തുത പദ്ധതികളിൽ കൂടുതൽ ആളുകളെ ചേർക്കുന്നതിനായി മഹിളാപ്രധാൻമാരെ പുതുതായി നിയോഗിക്കുവാൻ ഉദ്ദേശ്യമുണ്ടോ ;

(ഡി) പുതിയ മഹിളാ പ്രധാൻമാരെ അംഗീകരിക്കണമെന്ന് ഉത്തരവില്ലെന്നറിയിച്ച് പുതുതായി മഹിളാപ്രധാൻമാരായി നിയോഗിക്കപ്പെടുന്നതിന് നാഷണൽ സേവിംഗ്സ് ജോയിന്റ് ഡയറക്ടർമാർ ശുപാർശ ചെയ്യുന്നവരെ പോസ്റ്റാഫീസധികൃതർ അംഗീകരിക്കാൻ വിസമ്മതിക്കുന്നുണ്ടോ ;

(ഇ) ഇക്കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ എറണാകുളം ഹെഡ് പോസ്റ്റാഫീസധികൃതർ പുതിയ മഹിളാപ്രധാൻമാരെ അംഗീകരിക്കാതിരുന്നിട്ടുണ്ടോ എന്നന്വേഷിക്കുമോ ;

(എഫ്) പുതിയ മഹിളാപ്രധാൻമാരെ നിയോഗിക്കുവാൻ നടപടി എടുക്കുമോ ?

ഉത്തരം

(എ) മിതവ്യയശീലവും സമ്പാദ്യശീലവും ജനങ്ങളിൽ വളർത്തിയെടുക്കുകയെന്ന ഉദ്ദേശത്തോടുകൂടി അഞ്ച് വർഷ പോസ്റ്റാഫീസ് ആവർത്തന നിക്ഷേപ അക്കൗണ്ടിലേക്ക് നിക്ഷേപകരെ ചേർക്കുകയും അവരിൽ നിന്നും പ്രതിമാസം രസീത് നൽകി നിക്ഷേപം സ്വീകരിച്ച് പോസ്റ്റാഫീസിൽ അടയ്ക്കുകയും പാസ് ബുക്ക് നിക്ഷേപകർക്ക് മടക്കി നൽകുകയും ചെയ്യുകയെന്നതാണ് മഹിളാ പ്രധാൻ ഏജന്റുമാരുടെ പ്രധാന കർത്തവ്യം.

LIBRARY ARCHIVES Kerala Legislative Assembly